<u>“ഭരണഭാഷ മാതൃഭാഷ”</u>

നമ്പർ. **DFB/1650/2026-G2**

“സുരക്ഷാഭവൻ”

ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറേറ്റ്

കുമാരപുരം, തിരുവനന്തപുരം- **695 011**

ഫോൺ: **0471-2441597**

ഇ-മെയിൽ: **directorate.fab@kerala.gov.in**

തീയതി : **15-10-2026**

സ്വീകർത്താവ്

എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും

സർ,

വിഷയം : ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് - 2026 വർഷത്തെ സേഫ്റ്റി അവാർഡ് വിതരണം - ട്രോഫി രൂപകൽപ്പന ചെയ്യുന്നത് - സംബന്ധിച്ച്

സൂചന : **14-10-2026** തീയതിയിലെ ഓൺലൈൻ യോഗം

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. **2026** വർഷത്തെ സേഫ്റ്റി അവാർഡ് വിതരണം സംബന്ധിച്ച് വകുപ്പ് രൂപകൽപ്പന ചെയ്യുന്ന ട്രോഫി നൽകുന്നതിനായി സുചനപ്രകാരമുള്ള യോഗത്തിൽ തീരുമാനമെടുക്കുകയുണ്ടായി. ട്രോഫി ഡിസൈൻ ചെയ്യുന്നത് സംബന്ധിച്ച അറിയിപ്പ് താങ്കളുടെ കാര്യാലയത്തിലെ ജീവനക്കാർക്കും, താങ്കളുടെ അധികാര പരിധിയിൽ വരുന്ന ഉപ കാര്യാലയങ്ങളിലെ ജീവനക്കാർക്കും, ഉപകാര്യാലയങ്ങൾ മുഖേന ഫാക്ടറി മാനേജ്മെന്റിനും നൽകേണ്ടതാണ്.

<u>ട്രോഫി മാതൃക രൂപകൽപ്പന ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>

1) പൊതുജനങ്ങളിൽ സുരക്ഷാ അവബോധം വളർത്തുന്ന തരത്തിലുള്ള രൂപകൽപ്പനയായിരിക്കണം.

2) ട്രോഫിയിൽ സർക്കാർ ചിഹ്നം, വകുപ്പിന്റെ പേര് ഉണ്ടായിരിക്കണം

3)വകുപ്പിന്റെ ലോഗോ ട്രോഫിയിൽ ഉൾപ്പെടുത്തേണ്ടതിനാൽ ഒരു ഡെമി ലോഗോ

മാതൃകാ ട്രോഫിയിൽ ഉണ്ടായിരിക്കണം

4) അവാർഡിന്റെ പേരും, വർഷവും ട്രോഫിയിൽ ഉൾപ്പെടുത്തണം

5) അവാഡ് കാറ്റഗറി, ഫാക്ടറിയുടെ പേര്, എന്നിവ ഉൾപ്പെടുത്തുന്നതിനുള്ള സ്ഥലം മാതൃകാ ട്രോഫിയിൽ ഉണ്ടായിരിക്കേണ്ടതാണ്.

ജീവനക്കാരിൽ നിന്നും, ഫാക്ടറി മാനേജ്മെന്റിൽ നിന്നും ലഭിക്കുന്ന ട്രോഫി മാതൃകയുടെ സോഫ്റ്റ് കോപ്പി താങ്കളുടെ കാര്യാലയത്തിൽ നിന്നും 2026 ഡിസംബർ മാസം 1-ന് മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. തെരെഞ്ഞെടുക്കുന്ന ട്രോഫി മാതൃകക്ക് സമ്മാനം നൽകുന്നതാണ്.

വിശ്വസ്തതയോടെ

(ഒപ്പ്)

ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ

പകർപ്പ് : ഡയറക്ടറേറ്റിലെ എല്ലാ ജീവനക്കാർക്കും

അംഗീകാരത്തോടെ

Digitally signed by
Sajeendran S
Date: 16-10-2026
11:44:25

ജൂനിയർ സൂപ്രണ്ട്